# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ജി2/30131/2013.

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 07/10/2013

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് സെമസ്റ്റർ സമ്പ്രദായം മാർച്ച് 2014- ഒന്നാം സെമസ്റ്ററിലേയ്ക്കുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

****************

സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ.കളിൽ വെച്ച് 2014 മാർച്ച് മാസം നടത്തുന്ന എസ്.സി.വി.റ്റി ട്രെയിനികളിൽ നിന്നും ഒന്നാം സെമസ്റ്ററിലേയ്ക്കുള്ള അപേക്ഷകൾ നിശ്ചിത ഫോറത്തിൽ ക്ഷണിക്കുന്നു.

2014 ജനുവരി മാസം മുതലുള്ള ട്രേഡ് ടെസ്റ്റുകൾ സെമസ്റ്റർ സമ്പ്രദായത്തിലാണ് നടത്തുന്നത് എന്ന് ഡി.ജി.ഇ.റ്റി അറിയിച്ചിട്ടുണ്ട്. ടി വിഞ്ജാപന പ്രകാരം അപേക്ഷ സമർപ്പിക്കുന്ന പരീക്ഷാർത്ഥികൾ ഓരോ 6 മാസം ഇടവിട്ട സമ്പ്രദായത്തിലാണ് പരീക്ഷ എഴുതേണ്ടത്. ടി പരീക്ഷാർത്ഥികൾ സെമസ്റ്റർ സമ്പ്രദായ പ്രകാരം ഒന്നാം സെമസ്റ്ററിലാണ് പരീക്ഷ എഴുതേണ്ടത്. ടി സമ്പ്രദായത്തിലുള്ള ട്രേഡുകളുടെ സിലബസും മറ്റു വിവരങ്ങളും ഡി.ജി.ഇ.റ്റി.യുടെ www.det.nic എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ എസ്.സി.വി.റ്റി. നടത്തുന്ന ട്രേഡുകളിൽ കോഴ്സ് പൂർത്തിയാക്കിയ ട്രെയിനികൾ, ബി.റ്റി.സി. കോഴ്സ്, പോസ്റ്റ് ഐ.ടി.ഐ, ഈവനിംഗ് കോഴ്സ് എന്നിവയിൽ ആദ്യ സെമസ്റ്റർ പൂർത്തിയാക്കിയ ട്രെയിനികൾ 40 രൂപ "0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ 13/12/13 നകം സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കേണ്ടതും അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് 13/12/13 ന് 5 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയുടെ മാതൃക ഇതോടൊപ്പം ചേർക്കുന്നു. ടൈപ്പ് ചെയ്ത അപേക്ഷയാണ് ഉപയോഗിക്കേണ്ടത്. (കൈകൊണ്ട് എഴുതിയ അപേക്ഷ സ്വീകരിക്കുന്നതല്ല). ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുകയോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തുകയോ ചെയ്യുവാൻ വ്യവസ്ഥയില്ല. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടിവരുന്ന ട്രെയിനികൾ 100/- രൂപ ജാമ്യ നിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിനു മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാളിനെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിനുശേഷം ബാദ്ധ്യതകൾ ഉണ്ടായിട്ടില്ലാത്ത പക്ഷം ജാമ്യതുക തിരികെ കൈപ്പറ്റേണ്ടതുമാണ്. പരിശീലനം പൂർത്തിയാക്കിയ ഐ.ടി.ഐ.യിലോ ആദ്യമായി ട്രേഡ് ടെസ്റ്റ് എഴുതിയ ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ.യിലോ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. യാതൊരു കാരണവശാലും പരീക്ഷാകേന്ദ്രം മാറ്റുവാനും വ്യവസ്ഥ

ചെയ്തിട്ടില്ല. നിശ്ചിത തീയതിക്കകം ലഭിക്കുന്നതും അപൂർണ്ണമായതും ചെലാന്റെ അസൽ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകൾ ബന്ധപ്പെട്ട ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ പരിശോധിച്ച് അർഹത ഉറപ്പു വരുത്തി അപേക്ഷാഫോറം സാക്ഷ്യപ്പെടുത്തേണ്ടതും ഓരോ ട്രേഡിനും പ്രത്യേകം തയ്യാറാക്കിയ ലിസ്റ്റും (മൂന്ന് കോപ്പി) ഓരോ ട്രെയിനിക്കും ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി ഫോട്ടോ പതിപ്പിച്ച ഹാൾ ടിക്കറ്റ് പ്രിൻസിപ്പാൾമാർ സാക്ഷ്യപ്പെടുത്തി ഈ ഓഫീസിൽ 20/12/13 ന് മുൻപായി എത്തിക്കേണ്ടതുമാണ്. ഓരോ അപേക്ഷയോടൊപ്പം അപേക്ഷകന്റെ എസ്.എസ്.എൽ.സി. കോപ്പി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

ഗവൺമെന്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ട്രെയിനികളിൽ നിന്നും സ്വീകരിക്കുന്ന ചെലാൻ ഫയലിൽ സൂക്ഷിക്കേണ്ടതും, ഈ വിവരം അപേക്ഷയ്ക്കും ലിസ്റ്റിനും ഒപ്പം അയക്കുന്ന ഉപരിപത്രത്തിൽ പ്രത്യേകം സൂചിപ്പിക്കേണ്ടതുമാണ്. നിശ്ചിത തീയതി കഴിഞ്ഞ് ഫീസടച്ചിട്ടുള്ളതും നിശ്ചിത തുകയിൽ കുറഞ്ഞ തുക ഫീസായി അടച്ചിട്ടുള്ളതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഒരു ട്രെയിനിയ്ക്ക് ആദ്യത്തെ അവസരം മുതൽ തുടർച്ചയായി മൂന്ന് വർഷത്തിനുള്ളിൽ പരമാവധി ആറ് അവസരങ്ങൾ മാത്രമേ ഓരോ സെമസ്റ്ററിലും ലഭിക്കുവാൻ അർഹതയുള്ളു. ആയത് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും അപേക്ഷയിലെ വെരിഫിക്കേഷൻ/ പരിശോധന റിപ്പോർട്ട് ഒപ്പു വയ്ക്കേണ്ടതുമാണ്.

ഓരോ ട്രേഡിനും ആവശ്യമായ പ്രത്യേക ബി ഫോം തയ്യാറാക്കി ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ഹാൾടിക്കറ്റ് ലഭിച്ചതിനുശേഷം റോൾ നമ്പർ, മുൻകാലങ്ങളിൽ വിജയിച്ച വിഷയങ്ങളുടെ മാർക്ക്, അതാത് വിഷയത്തിനുള്ള സെഷണൽ മാർക്ക് ഇവ ചേർത്ത് ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്.

ഈ സർക്കുലർ ലഭിച്ചാലുടൻ മടക്കത്തപാലിൽ ആയത് ലഭിച്ച വിവരം അറിയിക്കേണ്ടതാണ്.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ഉള്ളടക്കം : മാതൃകാ അപേക്ഷാ ഫോറം.

പകർപ്പ്:- ബന്ധപ്പെട്ട എല്ലാ ഐ.ടി.ഐ.പ്രിൻസിപ്പാൾമാർക്കും/ട്രെയിനിംഗ് ഇൻസ്പെക്ടർമാർ/ ജെ.ഡി.റ്റി. കണ്ണൂർ /എ.വി.റ്റി.എസ്. പ്രിൻസിപ്പാൾ/എ.ഡി.റ്റി./ ഡയറക്ടറുടെ സി.എ./ ടി.ടി.ഒ/ ഡി.ഡി ട്രെയിനിംഗ്)/ ഡി.എസ്.എ/ സ്പെഷ്യൽ ഓഫീസർ, എസ്.റ്റി.ഐ. കഴക്കൂട്ടം/ എസ്.പി.ഐ.യു/ സംഭരണ ഫയൽ (ജി2)

എ-9/10/13

**APPLICATION FOR ADMISSION TO THE SCVT TRADE TEST SEMESTER SYSTEM TO BE HELD IN MARCH 2014 FOR REGULAR CANDIDATE**

1. Name of the applicant (IN BLOCK LETTERS) (as in SSLC Book) :

2. Full address :

3. Name of Father/guardian (IN BLOCK LETTERS) (as in SSLC Book)

4. Date of Birth (as in SSLC Book) :

5. Name of ITI/Private ITI where the trainee has undergone training and appeared for the Trade Test :

6. Male/Female. :

7. Category (To be indicated with Tick mark) :

| Gen | SC | ST | OBC |
|---|---|---|---|
| | | | |

8. Trade :

9. Period of Training (if re-admitted Mention period of re-admission and order must be attached) : From August.................................... : To July...........................................

**DECLARATION**

I do hereby declare that the information furnished above are true to the best of my knowledge and belief. I do understand that I have only six chances within a period of three years on completion of my training to appear for the test and also that I have to appear for all the subjects for which I have to get through.

I agree to attend the Trade Test at the centre allotted by the Director of Training.

Name & Signature of the Applicant.

## VERIFICATION REPORT

I hereby certify that the details furnished by the candidate are correct as per the office records. I declare that the candidate has acquired the required training from an affiliated unit and his period of training is found to be true and that he/she is a member of the group of trainees whose admission has been enclosed. I recommended his candidature.

This character of the trainee is.........................................

Details of remittance of fees
(Chalan in original to be attached with
the application).

: Chalan No. :
Date :
Name of Treasury :
Amount :

Signature of the Principal

(Office Seal)

N.B.:- Clause 1 to 9 must be filled compulsorily. Otherwise the application will be rejected without further notice.

Directorate Verification :

| | | Section | Senior Superintendent | Trade Test Officer |
|---|---|---|---|---|
| 1. | Fee remitted | : | | |
| 2. | Affiliation Status | : | | |

**Deputy Director of Training.**
: